SET B

# ആത്യന്തിക വിലയിരുത്തൽ - III 2025-26

## മാതൃകചോദ്യപേപ്പർ

## മലയാളം - കേരളപാഠാവലി

**ക്ലാസ് : X** | **സമയം: 1½ മണിക്കൂർ**
**സ്കോർ : 40**

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. A **അല്ലെങ്കിൽ** B എന്നതരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം) (4 x 1=4)**

**1.** 'കണ്ണടച്ചു തുറക്കുന്നതിനിടയിലാണ് പണി പൂർത്തിയായത്. അറബിക്കഥയിലെ രാജകുമാരന് ഭൂതം മണിമാളിക പണിതു കൊടുത്തതുപോലെ.' (മണ്ണും മനുഷ്യനും)
ഈ കഥാസന്ദർഭത്തിലെ ആശയത്തിന് യോജിച്ച വാക്യം ഏത് ?

- **A.** അറബിക്കഥയിലെ രാജകുമാരന്റെ കഥ അവിശ്വസനീയമായിരുന്നു.
- **B.** ഭൂതമാണ് അയൽക്കാരന് വീട് പണിതു കൊടുത്തത്.
- **C.** വിദേശത്തുള്ള മകനാണ് മണിമാളിക നിർമ്മിച്ചത്.
- **D.** വീടുപണി അതിവേഗം പൂർത്തിയായി.

**2.** ചുവടെ പിരിച്ചെഴുതിയവയിൽ ശരിയായത് ഏത്?
(i) നിഴൽച്ചാർത്തുകൾ - നിഴൽ, ചാർത്തുകൾ
(ii) വാതിലിനടുത്ത് - വാതിൽ, അടുത്ത്

- **A.** (i) മാത്രം ശരിയാണ്
- **B.** (ii) മാത്രം ശരിയാണ്
- **C.** (i) ഉം (ii) ഉം ശരിയാണ്
- **D.** (i) ഉം (ii) ഉം തെറ്റാണ്

**3.** 'ശബ്ദം അല്പം കൃത്രിമവും അരോചകവുമായി തോന്നുമെങ്കിലും എഴുതപ്പെട്ട വാക്കുകളേക്കാൾ നന്നായിത്തോന്നും.' (നരബലി)
സന്ദർഭത്തിൽ അരോചകം എന്ന പദത്തിന്റെ അർഥമായി വരുന്നത് ഏത്?

- **A.** രസിക്കുന്നത്, സുഖകരമായത്
- **B.** രസിക്കാത്തത്, സുഖകരമല്ലാത്തത്
- **C.** തളർന്നത്, ഇഷ്ടപ്പെടുന്നത്
- **D.** മൃദുലമായത്, മിനുസമുള്ളത്

© State Assessment Cell - SCERT Kerala

4. 'കപ്പവാട്ടുകല്യാണത്തിന് പെട്രോമാക്സ് വെളിച്ചത്തിൽ ഒത്തുകൂടുന്ന അങ്ങേക്കുന്നും ഇങ്ങേക്കുന്നും.' (വല്ലി)

ഈ വാക്യത്തിൽ തെളിയുന്ന ഗ്രാമീണജീവിതത്തിന്റെ സവിശേഷത എന്ത് ?

- **A.** കുന്നുകളോടുള്ള സ്നേഹം
- **B.** പരസ്പരസഹകരണവും സ്നേഹവും
- **C.** കപ്പ ശേഖരിക്കാനുള്ള വെമ്പൽ
- **D.** കുന്നുകൾ സംരക്ഷിക്കാനുള്ള മനോഭാവം

**5, 6 ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (2 x 2=4)**

5.
- മഴയില്ലാതെ തടാകങ്ങളും പുഴകളും വറ്റിപ്പോയി.
- മഴയില്ലാതെ തടാകങ്ങളും പുഴകളും വറ്റിപ്പോയിക്കൊണ്ടിരിക്കുന്നു.

അടിവരയിട്ട പദങ്ങൾ വാക്യത്തിന് നൽകുന്ന അർഥവ്യത്യാസം കണ്ടെത്തി എഴുതുക.

6. (A) ജലമെന്നോ വെള്ളമെന്നോ
തിരിയാതെ തിരിയുന്നു.
തൊണ്ട ദാഹിക്കുന്നു.

(ആലപ്പുഴവെള്ളം)

കവിയുടെ മാനസികാവസ്ഥ ഈ വരികളിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

**അല്ലെങ്കിൽ**

(B) "ദ്രോഹ,മിതുപൊഴുതമരഖഗവര, ഗുണനിധേ,
ഖേദമരുതു തേ, പറന്നിച്ഛക്കൊത്തവഴി ഗച്ഛ നീ."

(സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ)

ഈ വരികളിലെ സ്വാതന്ത്ര്യസങ്കല്പം വിശകലനം ചെയ്ത് രണ്ടു നിരീക്ഷണങ്ങൾ കുറിക്കുക.

**7 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (5 സ്കോർ വീതം) (5 x 5 = 25)**

7.







- "കോടിസൂര്യനുദിച്ചാലു-
മൊഴിയാത്തൊരു കൂരിരുൾ
തുരന്നു സത്യം കാണിക്കും
സയൻസിനു തൊഴുന്നു ഞാൻ."

(സയൻസ് ദശകം - സഹോദരൻ അയ്യപ്പൻ)

© State Assessment Cell - SCERT Kerala

മുകളിൽ നൽകിയ പത്രവാർത്ത, കാർട്ടൂൺ, കാവ്യഭാഗം എന്നിവ വിശകലനം ചെയ്ത് ശാസ്ത്രീയചിന്തയുടെ പ്രാധാന്യത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**8.** • "ഞൊടിയിൽ
പടം അപ്‌ലോഡ് ചെയ്തു.
വന്നൂ കമൻറുകൾ
തിരുതകൃതിയായ് ചാറ്റൽ."
(ബത്തേരിക്കടുത്ത് മലങ്കരയിൽ)

• "ഒരു തമാശകൊണ്ട്
നൂറ്റമ്പതുപേരെ ഊട്ടിയാൽ
പിന്നെ നിങ്ങൾ
നിങ്ങളല്ല."
(അന്നന്നത്തെ മോക്ഷം)

നവമാധ്യമങ്ങളുടെ മായാവലയത്തിൽ അകപ്പെട്ടവരുടെ ജീവിതാവസ്ഥകളാണോ രണ്ട് രചനാഭാഗങ്ങളിലും ഉള്ളത് ? താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**9.** "വേണ്ട, എനിക്ക് എപ്പോഴും നല്ല കാറ്റും വെളിച്ചവും വേണം. വൃത്തിയും. ഈ മരങ്ങളൊക്കെ ഇവിടെ... സ്ഥലമാകെ ഇരുട്ടും പരത്തി... വേണ്ട വേണ്ട..."
(മണ്ണും മനുഷ്യനും)
മുകളിൽ നൽകിയ സന്ദർഭവും കഥയും വിശകലനം ചെയ്ത് **മണ്ണും മനുഷ്യനും** എന്ന ശീർഷകത്തിന്റെ ഔചിത്യം സമർഥിക്കുക.

**10.** "കാലമേറെ ചെന്നിട്ടും മനസ്സിൽനിന്ന് മാഞ്ഞുപോകാൻ കൂട്ടാക്കാത്ത കഥാപാത്രങ്ങൾ."
"തന്റെ സർവസ്വവുമായിരുന്ന അമ്മയെ മറവുചെയ്ത ഗ്രാമത്തിൽനിന്ന് ഇറങ്ങിത്തിരിച്ചപ്പോൾ നരേന്ദ്രന്റെ കണ്ണ് നിറഞ്ഞൊഴുകി."
(മുരിങ്ങാമരത്തോപ്പ്)
നരേന്ദ്രൻ അനുഭവിക്കുന്ന മനോവേദനയുടെ തീവ്രത ആവിഷ്കരിക്കാൻ ഇത്തരം വാക്യങ്ങൾക്ക് സാധിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

**11.** **(A)** • "ഇന്ത്യാ പ്രധാനമന്ത്രിയെ ലാൽ ബഹാദൂർശാസ്ത്രികൾ എന്നു വിശേഷിപ്പിച്ച് അയ്യങ്കാർ അദ്ദേഹത്തിന്റെ പരിപാടികൾ 'കവർ' ചെയ്തു."
• "പട്ടിയെയും മറ്റേ വിശ്വസ്തനെയും മാറിമാറി നോക്കി പത്രസ്വാമി ചോദിച്ചു: 'ഉനക്ക് എന്ന വേണം?"
(റസിഡന്റ് എഡിറ്റർ)

മുകളിൽ നൽകിയ സന്ദർഭങ്ങളും കഥയും വിശകലനം ചെയ്ത് 'റസിഡന്റ് എഡിറ്ററി'ലെ ആക്ഷേപഹാസ്യത്തിന്റെ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** • "പറയൂ," രവി പറഞ്ഞു.
"സാർ, ആര്ം ചാകാത്ത കത."
(ഖസാക്കിന്റെ ഇതിഹാസം)

• "ഒരു കഥ കേൾക്കാമോ?" നൂർമുഹമ്മദ് ചോദിച്ചു.
വെള്ളത്തിലേക്ക് ചാഞ്ഞ മിഴികളോടെ പെൺകുട്ടി കഥ കേൾക്കാൻ തുടങ്ങി.

© State Assessment Cell - SCERT Kerala

- "പെൺകുട്ടിയുടെ മൃദുലമായ തേങ്ങലുകൾ കേട്ട് നൂർമുഹമ്മദ് കഥപറച്ചിൽ നിർത്തി."

(വെള്ളത്തിന് തെളിയാതിരിക്കാനാവില്ല)

നൽകിയിട്ടുള്ള സൂചനകളും നിങ്ങളുടെ കഥയനുഭവങ്ങളും അടിസ്ഥാനമാക്കി 'കഥയുടെ സ്വാധീനം ജീവിതത്തിൽ' എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കുക.

**ചുവടെ നൽകിയ ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ)**

**(1x7 = 7)**

**12. (A)** • "കർണ്ണസുഖം ഞാൻ പറകയില്ലാരോടും."

- "പിന്നെ ഞാൻ പക്ഷേ ഭരിക്കുന്നതുമുണ്ടു,
മന്നവ! സങ്കടമുണ്ടാകയില്ലേതും."

(കഥകളതിമോഹനം)

നൽകിയ സന്ദർഭങ്ങളും കാവ്യഭാഗവും വിശകലനം ചെയ്ത് കർണ്ണൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

**അല്ലെങ്കിൽ**

**(B)** ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**നന്മ**

തിന്മകൾ പലതുണ്ടാവാമെന്നാ-
ലുണ്ടതിനടിയിൽ നന്മ.
പൂക്കാൻ വെമ്പിച്ചേറിന്നടിയി-
ലിരിക്കുംതാമരപോലെ,
ഉദയം കാത്തു തമസ്സിന്നക്കരെ
മരുവും കിരണംപോലെ!
വന്മണലാരണ്യത്തിന്നടിയിലു-
മുണ്ടാമിത്തിരി വെള്ളം.
ഏതൊരു മൂടിക്കെട്ടിയ രാവിലു-
മുണ്ടാമൊരുതരി വെട്ടം –
അതിനാലറിയുക: നമ്മുടെ യത്നം
മുഴുവൻ വെറുതേയല്ല.
സ്നേഹം മർത്ത്യാത്മാവിൽ പാകിയ
വിശ്വം തോൽക്കുകയില്ല!

**(പി. മധുസൂദനൻ)**

© State Assessment Cell - SCERT Kerala